[Hon'ble Mr. A. J. John.]

(b)		
Munsiffs	Four Two	Messrs. 1. G. Parameswaran [Pillai 2. A. P. Mohomed Ali
District Judge	One	Mr. S. Velu Pillai
High Court Judge	One	Mr. P. I. Simon

(c) Yes. No ratio as regards District Judges and High Court Judges. *For Second Judges,* 1:1 one from the Department and one from the Bar. *For Munsiffs* 1:3 one from the Department and 3 from the Bar.

(d) Yes.

MR. P. KUNJUKRISHNAN : മൊഫസിൽ കോടതികളിൽനിന്നും ആരെ എങ്കിലും നിയമിച്ചിട്ടുണ്ടോ ?

HON'BLE MR. A. J. JOHN : ഇല്ല.

MR. P. KUNJUKRISHNAN : അതിനുള്ള കാരണമെന്താണെന്നു പ്രസ്താവിക്കാമോ ?

HON'BLE MR. A. J. JOHN : മുനിസിഫന്മാരേയും മറ്റും നിയമിക്കുന്നതു് ഹൈക്കോടതിയുടെ ശുപാർശ അനുസരിച്ചാണ്. ഗവണ്മെൻറിനു് ഇപ്പോൾ അവരുടെ ശുപാർശക്കു് വിപരീതമായി പ്രവർത്തിക്കാൻ നിവൃത്തിയില്ല.

MR. K. RAMAKRISHNA PILLAI : ഇപ്രകാരമുള്ള നിയമനങ്ങൾ നടത്തുന്നതു് മൊഫുസിൽ കോടതികളെ അവഗണിച്ചുകൊണ്ടാണെന്നു വിചാരിക്കുന്നതിൽ തെറ്റുണ്ടോ ?

HON'BLE MR. A. J. JOHN : ചില സന്ദർഭങ്ങളിൽ അങ്ങനെ സംഭവിക്കുമെന്നു് പറയാനേ എനിക്കു നിവൃത്തിയുള്ളൂ.

MR. D GNANASIGAMONI (*Kalkulam II—General*) : May I know whether any Tamilian has been recruited to the High Court ?

HON'BLE MR. A. J. JOHN : At present there is no Tamilian in the High Court.

MR. K. S. JOSEPH : ഡിസ്ട്രിക്റ്റ് ജഡ്ജിയെ നിയമിക്കുമ്പോൾ പ്രൊമോഷനായിട്ടു നിയമിക്കുമോ ? അതോ നേരിട്ടു സ്ഥിരമായിട്ടുതന്നെ നിയമിക്കുമോ ?

HON'BLE MR. A. J. JOHN : അതു വേക്കൻസിയുടെ സ്വഭാവംപോലെയാണ്.

വനംകൃഷി.

* 335. MR. T. T. KESAVAN SASTRI (*Kunnathunad I—Pulaya*) : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി സ്വയം മറുപടി പറയുമോ ?

LIBRARY ARCHIVES Kerala Legislative Assembly

(എ) കൊല്ലംഡിസ്ട്രിക്ടിൽ, പത്തനംതിട്ട-റാന്നി പകുതികളിൽ നിന്നും ആകെ എത്ര ഏക്കർ വനഭൂമി കൃഷിക്കായി നൽകിയിട്ടുണ്ട് ?

(ബി) ഇതിൽ ആകെ എത്ര ഏക്കർ സ്ഥലം പിന്നോക്കസമുദായക്കാർക്ക് നൽകിയിട്ടുണ്ടെന്നും അത് എവിടെയെല്ലാമെന്നും ?

HON'BLE MR. V. O. MARKOS : (എ) കൊല്ലം ഡിസ്ട്രിക്ടിൽ പത്തനംതിട്ട റാന്നി എന്നീ പകുതികളിൽനിന്ന് ഫ്രഫനുൽ നമ്പർ 0 ഏക്കർ പുതിയ സ്ഥലവും 0 ൈ൨.൩൦ ഏക്കർ പഴയ (കാല) സ്ഥലവും ഉൾപ്പെടെ നൽഫ൨.൩൦ ഏക്കർ വനഭൂമി കൃഷിക്കായി നൽകിയിട്ടുണ്ട്. ഫ്രഫ൪-ൽ ൨൩൨൨ ഏക്കർ സ്ഥലംകൂടി പല അപേക്ഷകർക്കായി ഫുഡ് പ്രൊഡക്ഷൻ കമ്മിറ്റിയിൽനിന്നും വിജ്ഞനം നടത്തിയിട്ടുണ്ട്.

(ബി) അതിൽ ഫ്രഫനുൽ ഫ൩൨ ഏക്കർ സീതാത്തോട്ട് ഗ്രൂപ്പ്, മുണ്ടോമൂഴിഗ്രൂപ്പ്, കൊല്ലമൺ ഈ സ്ഥലങ്ങളിലായി പിന്നോക്ക സമുദായക്കാർക്ക് നൽകിയിട്ടുണ്ട്. ഫ്രഫ൪-ൽ റാന്നി പകുതിയിൽ ആകെ പന്ത്രണ്ടര ശതമാനം മാറ്റി വച്ചിട്ടുള്ളതിൽ നൂറ് ഏക്കർ പമ്പയാറ് വഴിയും, നൂറ് ഏക്കർ കക്കാട്ടാറു വഴിയും, നൂറ് ഏക്കർ തണ്ണിത്തോടുവഴിയുമാണ്.

MR. T. T. KESAVAN SASTRI : ഇങ്ങനെ ഭൂമി വിഭജിച്ചുകൊടുത്തിട്ടുള്ളത് വ്യക്തികൾക്കാണോ സംഘടനകൾക്കാണോ ?

HON'BLE MR. V. O. MARKOS : അധികഭാഗവും കൊടുത്തിരിക്കുന്നത് വ്യക്തികൾക്കായിട്ടാണ്.

MR. T. V DEVAN (*Kottayam IV—Pulaya*) : പിന്നോക്കസമുദായത്തിലുൾപ്പെടാത്ത ഏതെങ്കിലും വ്യക്തിക്കോ വ്യക്തികൾക്കോ സ്ഥലം കൊടുത്തിട്ടുണ്ടോ ?

HON'BLE MR. V. O. MARKOS : പിന്നോക്കസമുദായക്കാർക്ക് നീക്കി വച്ചിട്ടുള്ള സ്ഥലത്തിൽനിന്നും ഇതരസമുദായക്കാർക്ക് കൊടുത്തതായി അറിവില്ല.

MR. D. GNANASIGAMONI: Will the Government see that lands are given only to bona fide cultivators ?

HON'BLE MR. V. O. MARKOS: That is exactly the policy of the Government that is being attempted.

MR. D. GNANASIGAMONI: Will not assignment of lands to associations defeat the policy of the Government ?

HON'BLE MR. V. O. MARKOS : That is one of the reasons why lands are not given to associations or to what are called "Sanghatanas".

LIBRARY ARCHIVES Kerala Legislative Assembly